(ബി) നീലേശ്വരം നഗരസഭ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകളും, നടത്തിയ നിയമനങ്ങളും, നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 200 ലക്ഷം രൂപ 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട പരപ്പ ബ്ലോക്ക് പഞ്ചായത്തിന്, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരസഭാവമാർജ്ജിച്ച നീലേശ്വരം ഗ്രാമ പഞ്ചായത്തിനെ പരിവർത്തനപ്പെടുത്തിക്കൊണ്ടാണ് നീലേശ്വരം മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ടുള്ളത്. മുൻപ് ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തന്നെയാണ് ഇപ്പോൾ നീലേശ്വരം നഗരസഭയുടെ ആസ്ഥാന മന്ദിരമായി ഉപയോഗിക്കുന്നത്.

(ബി) പുതുതായി രൂപീകരിച്ച പരപ്പ ബ്ലോക്ക് പഞ്ചായത്തിന് 15 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് ക്ലാർക്കുമാരുടേയും ഒരു ടൈപ്പിസ്റ്റിന്റേയും ഒഴികെ മറ്റ് എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്. പുതിയതായി രൂപീകരിച്ച നീലേശ്വരം നഗരസഭയിൽ 32 വിവിധ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ അനുയോജ്യമായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മാരാരിക്കുളം വികസന പദ്ധതി

159 (1629) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 മുതൽ ആരംഭിച്ച മാരാരിക്കുളം വികസനപദ്ധതിക്ക് (മെഡിക്കോം) കേന്ദ്ര ഗ്രാമവികസനവകുപ്പിൽ നിന്നും എത്ര തുക ലഭിച്ചു ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യം നേടിയെടുക്കുവാൻ കഴിഞ്ഞോ ;

(സി) ഈ പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രോജക്ടിൽ പറഞ്ഞിരുന്ന സംരംഭങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ ഏതെല്ലാമെന്നും, എവിടെയാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതിൽ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(എഫ്) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ ; മാർക്കറ്റിംഗ് കമ്പനി വഴി വിപണനം ചെയ്യുന്ന കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഏതെല്ലാം ; ഇതിന്റെ വാർഷിക ടേൺ ഓവർ, ലാഭം എന്നിവ എത്രയെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ടായി 2002-ൽ അനുവദിച്ച മൈക്രോ എന്റർപ്രൈസസ് ഡെവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് ലിങ്കേജ് പ്രോജക്ടിന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നിന്നും 532.12 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യം നേടിയെടുക്കാൻ കഴിഞ്ഞോ എന്ന് പറയുവാൻ കഴിയുകയുള്ളൂ.

(സി) ഇത് സംബന്ധിച്ച് കൃത്യമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. ആയതിനാൽ എത്ര കുടുംബങ്ങളെ ദാരിദ്രരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞു എന്ന് പറയുവാൻ ഇപ്പോൾ കഴിയുകയില്ല.

(ഡി) വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ഇ) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രവർത്തനം നടക്കുന്നു.

1. കയർ കോമൺ ഫെസിലിറ്റി സെന്റർ, കാട്ടുകട
2. ജനറൽ ക്ലസ്റ്റർ, കഞ്ഞിക്കുഴി
3. ജനറൽ ക്ലസ്റ്റർ സെന്റർ, മാരാരിക്കുളം തെക്ക്
4. പഴം-പച്ചക്കറി സംസ്കരണ കേന്ദ്രം ചേർത്തല തെക്ക്
5. ജനറൽ ക്ലസ്റ്റർ സെന്റർ, ആര്യാട്
6. ജനറൽ ക്ലസ്റ്റർ സെന്റർ, മാരാരിക്കുളം വടക്ക്
7. ജനറൽ ക്ലസ്റ്റർ സെന്റർ തണ്ണീർമുക്കം
8. മത്സ്യ സംസ്കരണ കേന്ദ്രം, കാട്ടൂർ, മാരാരിക്കുളം തെക്ക്.

(എഫ്) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ഒന്നുംതന്നെ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടില്ല. എന്നാൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ സെന്റർ, കഞ്ഞിക്കുഴി, പഴം, പച്ചക്കറി, സംസ്കരണ കേന്ദ്രം, കഞ്ഞിക്കുഴി എന്നീ കേന്ദ്രങ്ങൾ താൽക്കാലികമായി പ്രവർത്തിക്കാതെ ഇരിക്കുകയാണ്. ആദ്യത്തേത് ജോലിക്കുള്ള ഓർഡറുകൾ ഇല്ലാത്തതുമൂലവും രണ്ടാമത്തേത് പുതിയ സംരംഭകരെ കണ്ടെത്തി പുനഃസംഘടിപ്പിക്കേണ്ടതുള്ളതുകൊണ്ടുമാണ് പ്രവർത്തനം താൽകാലികമായി നിർത്തിവച്ചിട്ടുള്ളത്. ഉൽപ്പന്നങ്ങളുടെ ലിസ്റ്റ് അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.* വാർഷിക ടേൺ ഓവർ, ലാഭം എന്നിവ താഴെപ്പറയുന്ന പ്രകാരമാണ് :

2009-10 (ഓഡിറ്റ് ചെയ്തത്)

വിൽപ്പന -4881209.85 രൂപ

ലാഭം- 329905.19 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly